# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2762 — 19.02.2016 ൽ - മറുപടിക്ക്

**ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം കേരളത്തിനുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പായതു മുതൽ കേരളത്തിന് ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ; | (എ) ഏപ്രിൽ 2016 മുതൽ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) ഇതിന്റെ ഭാഗമായി വന്നിട്ടുള്ള മാറ്റം എന്തൊക്കെയാണ്; വിശദവിവരം നൽകുമോ;<br><br>(സി) ഇപ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ ഏതെല്ലാം രീതിയിലാണ് വിനിയോഗി ക്കേണ്ടത്; വ്യക്തമാക്കാമോ? | (ബി) & (സി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം - 2013 നടപ്പിൽ വരുമ്പോൾ ബി.പി.എൽ/ എ.പി.എൽ വിഭാഗങ്ങൾ മാറി പ്രയോരിറ്റി/നോൺ പ്രയോരിറ്റി വിഭാഗങ്ങൾ ആകും. കൂടാതെ ഈ നിയമം നടപ്പിലാക്കുമ്പോൾ കേന്ദ്ര സർക്കാർ പ്രതിവർഷം 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യമാണ് ലഭിക്കുക. ഇത് 16 2 ലക്ഷം ആയി ഉയർത്തണം എന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ഇപ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യം മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന ആളുകളിൽ, എ.എ.വൈ. വിഭാഗക്കാർക്ക് 35 കിലോ അരിയും ബാക്കിയുള്ളവർക്ക് കാർഡിലെ ഒരംഗത്തിന് 5 കി.ഗ്രാം അരിയും വീതം പ്രതിമാസം ലഭിക്കുന്നതാണ്. |

Thulasi

*സെക്ഷൻ ഓഫീസർ*